**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-എയ്ഡഡ്-ശ്രീമതി. ആനന്ദവല്ലി.എ.എസ് ഫയൽ ചെയ്ത WP(C)10235/2018 നമ്പർ കേസിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എൻ)വകുപ്പ്**

**സ.ഉ.(സാധാ) നം.2615/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 17/09/2020

പരാമർശം:- 1) ശ്രീമതി. ആനന്ദവല്ലി സമർപ്പിച്ച 13.03.2019 ലെ റിവിഷൻ ഹർജി

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.07.2018 ലെ ആർ2/40827/2017/ഡിപിഐ നമ്പർ കത്ത്

3) WP(C) 10235/2018 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 02.04.2019 ലെ വിധിന്യായം

4) 15.09.2019 ലെ എൻ2/22/2019/പൊവിവ നമ്പർ സർക്കാർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ഊരകം എ.യു.പി സ്കൂളിൽ ശ്രീമതി. എ.എസ്. ആനന്ദവല്ലിയ്ക്ക് 01.03.1988 മുതൽ 28.06.1988 വരെയും 01.08.1988 മുതൽ 28.11.1988 വരെയും അവധി ഒഴിവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകിയിരുന്നു. ടിയാരിക്ക് 01.04.1996 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ടി സ്കൂളിൽ റഗുലർ നിയമനം നൽകി. ശമ്പള പരിഷ്കരണം നടപ്പിലാക്കിയപ്പോൾ അവധി ഒഴിവിലെ നിയമനകാലഘട്ടങ്ങളായ ബ്രോക്കൻ സർവ്വീസും കൂടി, സർവ്വീസ് ആനുകൂല്യങ്ങൾക്ക് കണക്കിലെടുത്തു വേതനം തിട്ടപ്പെടുത്തി നല്കി. പ്രസ്തുത നടപടിക്കെതിരെ തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടായി. ആയതിനെതിരെ ശ്രീമതി. ആനന്ദവല്ലി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിവേദനം നൽകി. ആയതിനെതുടർന്ന് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഈ വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണമാവശ്യപ്പെട്ടു. ഇതിനിടയിൽ പരാമർശം (1) പ്രകാരം ശ്രീമതി. ആനന്ദവല്ലി സർക്കാരിൽ ഹർജി നൽകുകയും ആയത് പരിഗണിക്കുന്നതിനായി ബഹു.ഹൈക്കോടതിയിൽ WP(C) 10235/2018 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസ് പരിഗണിച്ച ബഹു.കോടതി, പരാതിക്കാരിക്ക് ഹിയറിംഗിന് അവസരം നൽകി വിധിപ്പകർപ്പ് ലഭിച്ച് മൂന്ന് മാസങ്ങൾക്കകം പരാമർശം (1) ഹർജി തീർപ്പാക്കണമെന്ന് പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

2) പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിക്ക് ഹിയറിംഗിന് അവസരം നൽകി. ഹിയിറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരാമർശം (1) ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. 28.10.2019 ലെ GO(Ms) 401/ 2019 /Fin. പ്രകാരം കെ.എസ്. ആർ പാർട്ട്. III ചട്ടം. 14ഇ -യിൽ വരുത്തിയ ഭേദഗതി അനുസരിച്ച് 10/08/2018-നുശേഷം റിട്ടയർ ചെയ്തവരുടെ മുൻ കാല ബ്രോക്കൺ സർവ്വീസ് പെൻഷന് പരിഗണിക്കാൻ കഴിയില്ല.

പരാതിക്കാരിയുടെ വിരമിക്കൽ തീയതി 10.08.2018 ന് ശേഷമായതിനാൽ ടിയാരിയുടെ അവധി ഒഴിവിലെ സേവനം പെൻഷൻ ആനുകൂല്യത്തിന് കണക്കാൻ നിർവാഹമില്ല. എന്നാൽ ജി.ഒ.(പി) 62/73/പൊ.വിവ. പ്രകാരം തുടർച്ചയായ സേവനകാലത്തിനു പകരം മൊത്തം സേവനകാലം [അതായത്, ബ്രോക്കൺ സർവ്വീസ് കൂട്ടിച്ചേർത്ത്] കണക്കിലെടുത്ത് ഗ്രേഡ് നല്കാവുന്നതാണ്. ഇൻക്രിമെന്റിന് യോഗ്യമായ കാലയളവ് ഗ്രേഡ് നല്കുന്നതിനു പരിഗണിക്കാമെന്ന് 08.08.2008 ലെ 46/08/ഫിൻ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. കെ.ഇ. ആർ അദ്ധ്യായം 14എ ചട്ടം. 61(4) പ്രകാരം ഒരേ ടൈം സ്കെയിലിലുള്ള ബ്രോക്കൺ സർവ്വീസ് ഇൻക്രിമെന്റിന് യോഗ്യമാണ്. ശമ്പളപരിഷ്കരണം വഴി ടൈം സ്കെയിലിൽ മാറ്റം വന്നിട്ടുണ്ടെങ്കിലും ഇൻക്രിമെന്റിന് പരിഗണിക്കേണ്ടതാണെന്ന് 26/09/2012-ലെ 44060/ജെ.2/11/ പൊ.വി.വ. നമ്പർ വഴി സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. ആയതിനാൽ ബ്രോക്കൺ സേവനകാലങ്ങൾ പെൻഷനു യോഗ്യമല്ലെങ്കിലും ഗ്രേഡ് അനുവദിക്കുന്നതിന് കണക്കിലെടുക്കാവുന്നതാണ്. അപ്രകാരം പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. പരാമർശം (4) സ്പഷ്ടീകരണത്തിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരാതിക്കാരിയുടെ ബ്രോക്കൻ സർവ്വീസ്, ഗ്രേഡ് അനുവദിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾക്കും ചട്ടപ്രകാരം പരിഗണിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി പരാമർശം (1) ഹർജി തീർപ്പാക്കി പരാമർശം(3) വിധിന്യായം നടപ്പിലാക്കി ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K J SALINI**

**അണ്ടർ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ
വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർ, മുല്ലശ്ശേരി, തൃശ്ശൂർ-680 509
ഹെഡ്മാസ്റ്റർ, എ.യു.പി.എസ്.ഊരകം, പത്തിയാർ കുളങ്ങര, ഊരകം, തൃശ്ശൂർ
ശ്രീമതി. ആനന്ദവല്ലി.എ.എസ്, ഓഫീസ് അറ്റൻഡന്റ്, എ.യു.പി.എസ്.ഊരകം, പത്തിയാർ കുളങ്ങര, ഊരകം, തൃശ്ശൂർ
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ& ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ